**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3697</u>** **<u>14-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>മൂർക്കനാട് പാൽപ്പൊടി ഉല്പാദന കേന്ദ്രം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മഞ്ഞളാംകുഴി അലി** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. സ്കീമിന്റെ സഹായത്തോടെ 32.72 കോടി രൂപ വിനയോഗിച്ച് നടപ്പിലാക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ച മൂർക്കനാട് പാൽപ്പൊടി ഉല്പാദന കേന്ദ്രത്തിന്റെ പൂർത്തീകരണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് അധികം വരുന്ന പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കുന്നതിന് കേരളത്തിൽ ഒരു പാൽപ്പൊടി നിർമ്മാണശാല സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പാൽപ്പൊടി നിർമ്മാണശാല മലപ്പുറം ജില്ലയിലെ മൂർക്കനാട് സ്ഥാപിക്കുന്നതിനായി 53.93 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിയ്ക്ക് മിൽമയുടെ മലബാർ മേഖലാ യൂണിയന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി സംസ്ഥാന വിഹിതമായി 15.50 കോടി രൂപയും, നബാർഡ് ധനസഹായമായി 32.72 കോടി രൂപയും മേഖലാ യൂണിയൻ വിഹിതമായി 6.21 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാൽപ്പൊടി ഉല്പാദന കേന്ദ്രത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; അവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (ബി) | പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആയത് പ്രകാരം പാൽപ്പൊടി നിർമ്മാണശാലയ്ക്ക് ആവശ്യമായ യന്ത്രസാമഗ്രികളുടെ വിതരണം ടെടാപ്പാക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കരാർ നൽകിയ പ്രകാരം അവയുടെ രൂപകല്പനയും ഫാബ്രിക്കേഷൻ ജോലികളും പുരോഗമിച്ച് വരുകയാണ്. യന്ത്രസാമഗ്രികളുടെ വിതരണം 2022 ജൂൺ മാസത്തോടെ ആരംഭിച്ചു. ഇതിന് അനുസൃതമായി പാൽപ്പൊടി നിർമ്മാണ ശാലയുടെ സിവിൽ ജോലികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതത് മുന്നിൽ കണ്ട് ടെണ്ടർ ക്ഷണിച്ചത് പ്രകാരം 14.34 കോടി രൂപയ്ക്ക് മാപ്സ് ഗ്ലോബൽ കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് സിവിൽ ജോലികളുടെ കരാർ നല്കിയിട്ടുണ്ട്. 2023 ജൂൺ മാസത്തോടെ ഈ പദ്ധതി പ്രവർത്തന ക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ